"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - തെന്മല തടിഡിപ്പോയിൽ **02/8/2021, 18/8/2021** തീയതികളിൽ നടന്ന ലേലങ്ങളിൽ ഉർവ്വരാ ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ലേലംകൊണ്ട തടി യഥാസമയം നീക്കം ചെയ്യുന്നതിനുണ്ടായ കാലതാമസം മാപ്പാക്കി തടി വിട്ടു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.**257/2025/F&WLD** തീയതി,തിരുവനന്തപുരം, **28-06-2025**

---

പരാമർശം:- 1. ഉർവ്വര ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എം. ഡി. ശ്രീ.ബിജു ജി. **10/12/2024**-ൽ ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.

2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ **25/2/2025**-ലെ പ്രൊ(5)- **9684/2024** നമ്പർ കത്ത്.

**ഉത്തരവ്**

തെന്മല തടി ഡിപ്പോയിൽ **02/08/2021, 18/8/2021** തീയതികളിൽ നടന്ന ലേലങ്ങളിൽ ലേലംകൊണ്ട തടി യഥാസമയം നീക്കം ചെയ്യുന്നതിനുണ്ടായ കാലതാമസം മാപ്പാക്കി തടി വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് ഉർവ്വര ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. ബിജു.ജി പരാമർശം 1) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

2) തെന്മല ഡിപ്പോയിൽ നിന്നും **02.08.2021**-ൽ 7 (ഏഴ് ) ലോട്ട് തടികളും, **18.08.2021**-ൽ 3 (മൂന്ന്) ലോട്ട് തടികളും ഉർവ്വരാ ബിൽഡേഴ്സ് ലേലം കൊണ്ടിരുന്നുവെന്നും, ആയതിൽ ആദ്യത്തേതിന്റെ വിലയും **FDT** തുകയും ഗ്രേസ് പീരീഡിന് ശേഷം ഉള്ള 3 മാസ കാലത്തിനുള്ള പിഴ പലിശയും തറവാടകയും രണ്ടാമത്തേതിന്റെ പാർട്ട് വാല്യൂവും ഒടുക്കിയിരുന്നുവെങ്കിലും കോവിഡ് മൂലം സ്ഥാപനം സാമ്പത്തികമായി തകർന്നതിനാലും, മെഡിക്കൽ ട്രീറ്റ്മെന്റിൽ ആയതിനാലും യഥാസമയം തടികൾ നീക്കം ചെയ്യാൻ സാധിച്ചില്ലെന്നും എന്നാൽ ഇപ്പോൾ നാളിതു വരെയുള്ള തറവാടകയും നികുതികളും ഒടുക്കാൻ തയ്യാറാണെന്ന് സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നുവെന്നും, തടികളുടെ റിസർവ്വ് പ്രൈസിനേക്കാളും ഉയർന്ന

വിലയിൽ ലേലം സ്ഥിരീകരിച്ചതിനാലും, ഇനിയും ലേലത്തിൽ വച്ചാൽ ടി ഉൽപ്പന്നങ്ങൾക്ക് മുൻ ലഭിച്ച തുക ലഭിക്കുവാൻ സാധ്യതയില്ലാത്തതാണെന്നും ലേല നിബന്ധനകൾ പ്രകാരം സൗജന്യ കാലയളവും / പിഴ പലിശ ഒടുക്കി തറവാടകയായ കാലയളവിനുള്ളിലുമാണ് വകുപ്പ് തലത്തിൽ തടികൾ നീക്കം ചെയ്യുന്നതിന് അനുമതി നൽകുന്നത് എന്നും പ്രസ്തുത കാലാവധി കഴിഞ്ഞതിനാൽ ടിയാന്റെ അപേക്ഷയിന്മേൽ സർക്കാർ തീരുമാനം കൈകൊള്ളണമെന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) പരാമർശം 2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തടികളുടെ റിസർവ്വ് പ്രൈസിനേക്കാളും ഉയർന്ന വിലയിൽ ലേലം സ്ഥിരീകരിച്ചതിനാലും, ഇനിയും ലേലത്തിൽ വച്ചാൽ ടി ഉൽപ്പന്നങ്ങൾക്ക് മുൻ ലഭിച്ച തുക ലഭിക്കുവാൻ സാധ്യതയില്ലെന്ന് പിസിസിഎഫ് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, ആരോഗ്യ കാരണങ്ങളാലാണ് യഥാസമയം തടി നീക്കം ചെയ്യാനാവാതെ വന്നത് എന്നും നാളിതുവരെയുള്ള തറവാടകയും നികുതികളും ഒടുക്കാൻ തയ്യാറാണെന്ന് ലേല ഉടമ ബോധിപ്പിച്ചിരുന്നതിനാലും മാനുഷികപരിഗണന നൽകി ഒരു ഇളവ് എന്ന നിലയിൽ ഒരവസരം കൂടി നൽകി 48% പിഴപലിശയും 5% സർചാർജും ഈടാക്കി, തറവാടക, മറ്റിനത്തിൽ ഏതെങ്കിലും നികുതികൾ ഈടാക്കാനുണ്ടെങ്കിൽ അവയും ഒടുക്കിക്കൊണ്ട്, തെന്മല ഡിപ്പോയിൽ 02.08.2021-ൽ നടന്ന ഇ-ലേലത്തിൽ ലേലംകൊണ്ട 7 (ഏഴ്) ലോട്ട് തടികളും, 18.08.2021-ൽ നടന്ന ലേലത്തിൽ ലേലംകൊണ്ട 3 (മൂന്ന്) ലോട്ട് തടികളും ഉത്തരവാകുന്ന തീയതി മുതൽ 30 ദിവസത്തിനകം നീക്കം ചെയ്യുവാൻ ഉർവ്വര ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെ അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**PRAMOD V R**

ജോയിന്റ് സെക്രട്ടറി

ശ്രീ.ബിജു.ജി, മാനേജിംഗ് ഡയറക്ടർ, ഉർവ്വര ബിൽഡേഴ്സ് &ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനവകുപ്പ് (3122568/Agri-A1/100/2025-FIN പ്രകാരം)
വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Ramjan P A
Date: 28-06-2025 11:20:09